I/43820/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**കീം 2023**

**2023 – ലെ ആർക്കിടെക്ചർ റാങ്കിന് പരിഗണിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്കും/NATA സ്കോറും പരിശോധിക്കുന്നതിനും അപാകത പരിഹരിക്കുന്നതിനും അവസരം**

2023 – ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച യോഗ്യതാ പരീക്ഷയുടെ മാർക്കും NATA സ്കോറും സൂക്ഷ്മപരിശോധനയ്ക്കുശേഷം വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ വെബ്സൈറ്റിലെ **'KEAM 2023-Candidate Portal'** എന്ന ലിങ്കിലൂടെ **2023 ജൂലൈ 7, വൈകുന്നേരം 3.00** മണി വരെ വിദ്യാർത്ഥികൾക്ക് മാർക്ക്/NATA സ്കോർ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM 2023-Candidate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Mark Verification for Architecture Rank'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് യോഗ്യതാ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും കൂടി ലഭിച്ച മാർക്ക്, ആകെയുള്ള പരമാവധി മാർക്ക് എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ള പ്രകാരം ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്.

- വെബ്പേജിൽ കാണിച്ചിട്ടുള്ള യോഗ്യതാ പരീക്ഷയുടെ മാർക്ക്, NATA സ്കോർ വിവരങ്ങൾ ശരിയാണെങ്കിൽ ഓരോന്നിനും നേരെയുള്ള **'No Change'** ബട്ടൺ ക്ലിക്ക് ചെയ്ത്, ശേഷം **'Verified and Found correct'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള മാർക്ക് NATA സ്കോർ വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് **'Verified and found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന NATA സ്കോർ കാർഡിന്റെ pdf ഫയൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- വെബ്സൈറ്റിൽ നൽകിയിരിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് **'Verified and found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ pdf ഫയൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

- മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ട് തപാലിലോ, നേരിട്ടോ, ഇമെയിൽ/ഫാക്സ് മുഖേനയോ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിലോ NATA സ്കോർ കാർഡിലോ അപാകതകൾ ഉണ്ടായിരുന്നവർക്ക് അവരുടെ മാർക്കുകൾ/NATA സ്കോർ പരിശോധനാവേളയിൽ ദൃശ്യമാകുന്നതല്ല. അത്തരക്കാർ ആവശ്യമായ, അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ/NATA സ്കോർ കാർഡ് വെബ്പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേപടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവയ്ക്കുന്നതാണ്.
- **07.07.2023, വൈകുന്നേരം 3.00 മണിക്കുള്ളിൽ** ലഭിക്കുന്ന മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2023 ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പ് വരുത്താത്ത വിദ്യാർത്ഥികളുടെയും, തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അവ വരുത്താത്തവരുടെയും നിലവിൽ സമർപ്പിച്ചിട്ടുള്ള മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

- രണ്ടാമത്തെ NATA യുടെ സ്കോർ, കൗൺസിൽ ഓഫ് ആർക്കിടെക്ചർ Update ചെയ്തതായി കാണുന്നുണ്ട്. NATA യിൽ ലഭിച്ച Valid Score അപേക്ഷകർ വീണ്ടും പരിശോധിക്കേണ്ടതും Update ചെയ്തിട്ടുള്ള സ്കോർ/സ്കോർ കാർഡ് തന്നെയാണ് സമർപ്പിച്ചിരിക്കുന്നത്/അപ്‌ലോഡ് ചെയ്തിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്.
- റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ, NATA സ്കോർ എന്നിവ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
05-07-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 05-07-2023 17:19:05